**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1432** **07-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ അൺ എയ്ഡഡ് മേഖലയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അൺ എയ്ഡഡ് മേഖലയിൽ ജോലി ചെയ്തുവരുന്ന രണ്ടര ലക്ഷത്തോളം അധ്യാപകർക്കും ജീവനക്കാർക്കും തൊഴിൽ സുരക്ഷയും അർഹമായ സേവന വേതന വ്യവസ്ഥകളും ഉറപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതുമായി ബന്ധപ്പെട്ട് പുതിയ നിയമ നിർമ്മാണം നടത്തുന്നതിലേക്ക് വേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച കരട് ഓർഡിനൻസിലെ പോരായ്മകൾ പരിഹരിക്കുന്നതിലേക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ (നിയമ വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥനുൾപ്പെടെ) ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ, പോരായ്മകൾ പരിഹരിച്ച് സർക്കാരിന് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് അൺ എയ്ഡഡ്/സ്വകാര്യ മേഖലയിലെ അധ്യാപകേതര ജീവനക്കാർക്ക് 11.02.2021 ലെ ജി.ഒ.(പി)നമ്പർ 22/2021/തൊഴിൽ ഉത്തരവ് പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം മിനിമം വേതനം നൽകുന്നില്ലായെങ്കിൽ 1948-ലെ മിനിമം വേതനം നിയമ പ്രകാരം മാനേജ്മെന്റിന് നോട്ടീസ് നൽകി ആയത് തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും, തുടർന്നും മിനിമം വേതനം നൽകാത്ത മാനേജ്മെന്റിന് എതിരെ ക്ലെയിം ഫയൽ ചെയ്യുകയും ചെയ്തു വരുന്നു. |
| (ബി) | ഈ മേഖലയുടെ സംരക്ഷണത്തിനായി നിയമ നിർമാണം ഉൾപ്പെടെയുള്ള നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കുമോ; | (ബി) | അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതുമായി ബന്ധപ്പെട്ട് പുതിയ നിയമ നിർമ്മാണം നടത്തുന്നതിലേക്ക് വേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച കരട് ഓർഡിനൻസിലെ പോരായ്മകൾ പരിഹരിക്കുന്നതിലേക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ (നിയമ വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥനുൾപ്പെടെ) ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ, പോരായ്മകൾ |

| | | | |
|---|---|---|---|
| | | | പരിഹരിച്ച് സർക്കാരിന് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് അൺ എയ്ഡഡ്/സ്വകാര്യ മേഖലയിലെ അധ്യാപകേതര ജീവനക്കാർക്ക് 11.02.2021 ലെ ജി.ഒ.(പി)നമ്പർ 22/2021/തൊഴിൽ ഉത്തരവ് പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം മിനിമം വേതനം നൽകുന്നില്ലായെങ്കിൽ 1948-ലെ മിനിമം വേതനം നിയമ പ്രകാരം മാനേജ്മെന്റിന് നോട്ടീസ് നൽകി ആയത് തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും, തുടർന്നും മിനിമം വേതനം നൽകാത്ത മാനേജ്മെന്റിന് എതിരെ ക്ലെയിം ഫയൽ ചെയ്യുകയും ചെയ്തു വരുന്നു. |
| (സി) | ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ? | (സി) | അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതുമായി ബന്ധപ്പെട്ട് പുതിയ നിയമ നിർമ്മാണം നടത്തുന്നതിലേക്ക് വേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച കരട് ഓർഡിനൻസിലെ പോരായ്മകൾ പരിഹരിക്കുന്നതിലേക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ (നിയമ വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥനുൾപ്പെടെ) ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ, പോരായ്മകൾ പരിഹരിച്ച് സർക്കാരിന് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് അൺ എയ്ഡഡ്/സ്വകാര്യ മേഖലയിലെ അധ്യാപകേതര ജീവനക്കാർക്ക് 11.02.2021 ലെ ജി.ഒ.(പി)നമ്പർ 22/2021/തൊഴിൽ ഉത്തരവ് പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം മിനിമം വേതനം നൽകുന്നില്ലായെങ്കിൽ 1948-ലെ മിനിമം വേതനം നിയമ പ്രകാരം മാനേജ്മെന്റിന് നോട്ടീസ് നൽകി ആയത് തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും, തുടർന്നും മിനിമം വേതനം നൽകാത്ത മാനേജ്മെന്റിന് എതിരെ ക്ലെയിം ഫയൽ ചെയ്യുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ